# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## സ്കൂൾ തലം

സെൻ്റ് സേവ്യേഴ്സ് എൽ പി എസ് , വട്ടക്കാവ്

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞതിൻ്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർധിപ്പിക്ക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയവും. ഒരു സ്ഥാപനത്തിൻ്റെ പ്രതേകിച്ചു ഒരു വിദ്യാഭാസ സ്ഥാപനത്തിൻ്റെ ഭാവിയിലേക്കുള്ള സമഗ്രമായ രൂപരേഖയാണ് മാസ്റ്റർ പ്ലാൻ. ഈ സ്ഥാപനത്തിലെ ഓരോ അദ്ധ്യാപകനും അധ്യാപികയ്കും തങ്ങളുടെ പങ്ക് എന്താണെന്ന് മനസ്സിലാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായിക്കുന്നു. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഈ വിദ്യാഭാസ സ്ഥാപനത്തെ മികവിലേക്കും പുരോഗതിയിലേക്കും നയിക്കുന്ന ഒരു കർമ്മരേഖയും ദിശാബോധം നൽകുന്ന ആസൂത്രണ രേഖയുമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും അറിവിൻ്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകരമായ പഠനാവസരം ലഭ്യമാക്കുന്നു.
- സ്കൂളിൻ്റെ നിലവിലെ അക്കാദമിക നിലവാരം , പഠനരീതികൾ, അടിസ്ഥാനസൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ പഠനാനുഭവങ്ങൾ എന്നിവയുടെ ഒരു വിശദമായ വിശകലനം.
- വിവിധ പഠന വിഷയങ്ങൾ, പാഠ്യേതര വിഷയങ്ങൾ, അധ്യാപക പരിശീലനം , അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ പ്രധാന മേഖലകൾ പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു.
- കഴിഞ്ഞ വർഷങ്ങളിലെ പരീക്ഷ ഫലങ്ങൾ, ഹാജർ നില, കൊഴിഞ്ഞു പോക്ക് നിരക്ക് എന്നിവ വിലയിരുത്തുക.
- വിവിധ പഠന വിഷയങ്ങൾ , പാഠ്യേതര വിഷയങ്ങൾ , അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ പ്രധാന മേഖലകൾ വ്യക്തമാക്കുന്നു.
- അവസരതുല്യത, സാമൂഹ്യനീതി, ഗുണത, എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും , പഠനാന്തരീക്ഷവും വികസിപ്പിക്കുന്നു.
- പരിസ്ഥിതി സംരക്ഷണ , പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കുക.
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിലേക്ക് എത്തുകയും കഴിവിൻ്റെ പരമാവധി തലത്തിലെത്തുകയും ചെയ്യുന്നു.
- ജനകീയ സംവിധാനങ്ങളുടെ പിന്തുണയോടെ സ്കൂളിൻ്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു.
- മദ്യത്തിനും മയക്കുമരുന്നിനും എതിരായ മനോഭാവം പുതുതലമുറയിൽ വളർത്തുന്നു.

- പ്ലാസ്റ്റിക് വിമുക്തവും,കീടനാശിനി വീമുക്തവും, ലഹരി വിമുക്തവുമായ വിദ്യാലയം രൂപപ്പെടുന്നു.
- കുട്ടിയുടെ മികവിൻ്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നു.
- ഏറ്റവും മികച്ച വിദ്യാഭ്യാസം **ഈ വിദ്യാലയത്തിലൂടെ ലഭ്യമാക്കുന്നു**
- **കാർഷിക സംസ്കാരമുള്ള പുതുതലമുറയെ വളർത്തിയെടുക്കുക**
- **ഈ വിദ്യാലയം മികവിൻ്റെ കേന്ദ്രമായി ഉയർത്തി പൊതു സമൂഹത്തിൻ്റെ അംഗീകാരം പിടിച്ചു പറ്റുക.**
- **ഘടനാപരമായ പരിശീലനത്തിലൂടെയും മത്സര അവസരങ്ങളിലൂടെയും കായിക കഴിവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, ശാരീരിക ആരോഗ്യം , മാനസിക ആരോഗ്യം , ടീം വർക്ക്, അച്ചടക്കം, നേതൃത്വ ഗുണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.**
- **ഇംഗ്ലീഷ് പ്രാവീണ്യം വിദ്യാർത്ഥികൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ ക്രമീകരിക്കുക.**

# തനതു പ്രവർത്തനങ്ങൾ

| ക്രമനമ്പർ | പ്രവർത്തനത്തിൻ്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|---|
| 1 | കായിക പരിശീലനം | കുട്ടികളുടെ കായികശേഷി വികസിപ്പിക്കുക,ശാരീരികാരോഗ്യം മെച്ചപ്പെടുത്തുക, സ്പോർട്സ് മേഖലയിലെ സാധ്യതകൾ തിരിച്ചറിഞ്ഞ് അവ പ്രയോജനപ്പെടുത്തുക | കായിക അഭിരുചി യുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ചിട്ടയായ പരിശീലനം ഉറപ്പുവരുത്തുക. | എല്ലാ ദിവസവും | HM. SRG, |
| 2 | ഇംഗ്ലീഷ് ഗ്രാമർ ക്ലാസ്സുകൾ | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന പിഴവുകൾ പരിഹരിക്കുക, കൂടുതൽ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും ഉള്ള കഴിവുകൾ കുട്ടികൾ നേടിയെടുക്കുക. | ഇംഗ്ലീഷ് ഗ്രാമർ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക ക്ലാസുകൾ, ലാംഗേജ് ഗെയിമുകൾ | എല്ലാ ദിവസവും | English club |
| 3 | വയനപരിശീലനം | മലയാളം ഒഴുക്കോടെയും ഉച്ചരണശുദ്ധിയോടെയും അനായാസം വായിക്കാൻ എല്ലാ | മലയാള പരിജ്ഞാനം കുറവുള്ള കുട്ടികളെ കണ്ടെത്തി | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികൾക്കും സാധിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുക. | അവർക്ക് വ്യക്തിപരമായ വായനപരിശീലനം നൽകുക | | |
| 4 | കലാപരിശീലനം | കലാപരമായ മേഖലയിൽ അഭിരുചിയുള്ള കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ വളർത്താനുള്ള അവസരം ഒരുക്കുക | സംഗീതം, ഡാൻസ് തുടങ്ങിയവയിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വിദ്ഗ്ധ പരിശീലനം നൽകുക. | ആഴ്ചയിൽ രണ്ട് ദിവസം | SRG |
| 5 | പച്ചകറി കൃഷി | കുട്ടികൾ ഭക്ഷ്യമേഖലയിൽ സ്വയം പര്യാപ്തത നേടാൻ മതിയായ അറിവും പരിശീലനവും നൽകുക. | സ്കൂൾ പരിസരത്ത് ഒരു പച്ചകറി തോട്ടം നിർമിച്ചു കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. ഇവിടെനിന്നും ലഭിക്കുന്ന പച്ചകറികൾ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപെടുത്തുക. | എല്ലാ ദിവസവും | SRG |

# സ്കൂൾ ചരിത്രം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി ബ്ളോക്കിൽ മുണ്ടക്കയം ഗ്രാമ പഞ്ചായത്തിലെ 18ാം വാർഡിൽ ചെറുമല മുണ്ടക്കയം റോഡിനോട് ചേർന്ന് വട്ടക്കാവിൽ ആണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

1987 -ൽ പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയത്തിൻ്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ശ്രീ. ജെ ജോസഫ് ജോസഫ് പാലയ്ക്കലിൻ്റെ നേതൃത്വത്തിലുള്ള 12 അംഗ കമ്മിറ്റിയാണ്. ശ്രീ ചാക്കോ എ ജോസഫ് ആയിരുന്നു ആദ്യത്തെ പ്രഥമാധ്യാപകൻ.

വട്ടക്കാവ്, വെള്ളനാടി, അഴമല, ചെറുമല, പ്രദേശങ്ങളിലെ കുട്ടികൾക്ക് ഏക ആശ്രയമായിരുന്നു ഈ വിദ്യാലയം. തുടക്കത്തിൽ അഞ്ചാം ക്ലാസ്സ് വരെ ഉണ്ടായിരുന്നു. ആദ്യകാലത്ത് ഓലകൊണ്ട് ഷെഡുണ്ടാക്കി കുടിപള്ളികൂടമായിട്ടാണ് ആരംഭിച്ചത്. ആദ്യത്തെ PTA കമ്മിറ്റി പ്രസിഡൻ്റ് ശ്രീ ഏബ്രഹാം പള്ളിവാതുക്കലും സെക്രട്ടറി ശ്രീ. കുര്യച്ചൻ അയിത്തമറ്റവും ആയിരുന്നു.

കലേകാട്ടിൽ കുടുംബം വിട്ടുനൽകിയ സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. 15 സെൻ്റ് സ്ഥലമാണ് സ്കൂളിനുള്ളത്. ഗ്രൗണ്ട്,ചുറ്റുമതിൽ ഇവ ഇല്ല. തോളത്തിൽ കുടുംബം നൽകുന്ന ശുദ്ധജലവുമാണ് ജലസ്രോതസ്സ്. ഈ വിദ്യാലയത്തിലെ കുട്ടികൾ പട്ടികജാതി പിന്നോക്കവിഭാഗത്തിൽപെട്ടവരാണ്.

അക്കാദമിക, കലാകായിക പാഠ്യേതര പ്രവർത്തനങ്ങളിൽ പരിമിതികളുടെ മതിൽകെട്ടിനെ മറികടക്കുന്ന മികച്ച നിലവാരം പുലർത്തുന്നു

# സെൻ്റ് സേവ്യേഴ്സ് എൽ പി സ്കൂൾ വട്ടക്കാവ്

ഉപജില്ലാ : കാഞ്ഞിരപ്പള്ളി

സ്ഥാപിതം : 1937

മാനേജ്മെൻ്റ്: കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് മാനേജ്മെൻ്റ്

കുട്ടികളുടെ എണ്ണം: 10

അൺകുട്ടികൾ - 6

പെൺകുട്ടികൾ- 4

സ്റ്റാഫുകളുടെ എണ്ണം: 1 + 3

HM

അധ്യാപകർ - 3

# ഭൗതിക സാഹചര്യങ്ങൾ

നാല് ക്ലാസ്സ് മുറികളും ഒരു ഓഫീസ് മുറിയും അടങ്ങുന്ന ഓട് മേഞ്ഞ ഒരു കെട്ടിടമാണ് നിലവിലുള്ളത്. എച്ച്. എമ്മിനും അധ്യാപകർക്കുമായി ഒരു മുറി മാത്രമാണുള്ളത്. അടുക്കള വാർത്തെടുത്ത ഉറപ്പുള്ള കെട്ടിടമാണ്. ഗ്യാസ് കണക്ഷൻ ഉണ്ട്. ജല ലഭ്യത പരിമിതമാണ്. സമീപത്തുള്ള വീട്ടിൽ നിന്നും (ഏകദേശം 1 KM ദൂരം) സ്കൂളിലെ ആവശ്യത്തിനായി വെള്ളം എടുക്കുന്നു. നിലവിൽ കുട്ടികൾക്ക് 2 മൂത്രപുരയാനുള്ളത് . കായിക ആവശ്യങ്ങൾക്കായി സ്കൂളിൻ്റെ ചെറിയ മുറ്റം സ്കൂൾ ഗ്രൗണ്ടായി പ്രയോജനപ്പെടുത്തുന്നു. 2 ലാപ്ടോപ് ആണ് വിവരസാങ്കേതിക വിദ്യക്കായി സ്കൂളിൽ ഉള്ളത്.

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| ക്ര. നം | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്സ് മുറി | ഉണ്ട് | |
| 2 | അൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | ഉണ്ട് | |
| 3 | പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | ഉണ്ട് | |
| 4 | കിണർ | ഇല്ല | |
| 5 | ലൈബ്രറി | ഉണ്ട് | |
| 6 | ചുറ്റുമതിൽ | ഇല്ല | |
| 7 | കളിസ്ഥലം | ഉണ്ട് | |
| 8 | ക്ലാസ്മുറിയിൽ റാപ് | ഉണ്ട് | |
| 9 | അടുക്കള | ഉണ്ട് | |
| 10 | കമ്പ്യൂട്ടർ ലാബ് | ഇല്ല | |
| 11 | റീഡിംഗ് റൂം | ഉണ്ട് | |
| 12 | സ്കൂൾ ബസ് | ഇല്ല | |
| 13 | വിഷയലാബുകൾ | ഇല്ല | |
| 14 | സ്റ്റേജ് | ഇല്ല | |
| 15 | കമ്പ്യൂട്ടർ | ഇല്ല | |
| 16 | ലാപ്‌ടോപ് | ഉണ്ട് | |
| 17 | സൗണ്ട് സിസ്റ്റം | ഇല്ല | |
| 18 | പ്രൊജക്ടർ | ഉണ്ട് | |
| 19 | ഗ്രീൻ ബോർഡ് | ഇല്ല | |
| 20 | സ്മാർട്ട് ടി. വി | ഇല്ല | |
| | മറ്റു ഐ. സി. ടി സാധ്യതകൾ | | |

# ഉപസംഹാരം

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നമ്മുടെ സ്ഥാപനത്തിൻ്റെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനും ഭാവി വളർച്ചയ്ക്കും ഒരു സമഗ്രമായ രൂപരേഖ നൽകുന്നു. ഇതിൽ മുന്നോട്ട് വെച്ചിരിക്കുന്ന ലക്ഷ്യങ്ങളും തന്ത്രങ്ങളും നമ്മുടെ വിദ്യാർത്ഥികളുടെ പഠനനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും, അധ്യാപകരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും, ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ഊന്നൽ നൽകുന്നു. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെയും അർപ്പണബോധത്തിലൂടെയും ഈ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഭാവിയിലെ വെല്ലുവിളികളെ നേരിടാനും അവസരങ്ങൾ പ്രയോജനപ്പെടുത്താനും നമ്മുടെ സ്ഥാപനത്തെ സജ്ജമാക്കികൊണ്ട് അറിവിലും മികവിലും ഒരു പുതിയ അദ്ധ്യായം കുറിക്കാൻ ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.